തമെന്നും അക്കാലത്തു ഈ പ്രമേയവും ഇതുപോലെ സമുദായൈക്യത്തെ വളർത്തുവാൻ പറ്റുംപടങ്ങളായ മറ്റു പ്രമേയങ്ങളും ആദരിക്കപ്പെടുമെന്നു എനിക്കുറപ്പുണ്ട്.

ഇനി എനിക്ക് ഒന്നു രണ്ടു സംഗതികളെക്കുറിച്ചു മറുപടി പറയുവാനുണ്ട്. പറപ്പോസഷനെപറ്റി ധാരാളമായി അനുമോദിച്ചിട്ടുള്ള ഒരു മെമ്പറാണ് ഇതു് ഇവിടെ അവതരിപ്പിച്ചതെന്നു ബഹുമാനപ്പെട്ട ചിറ്റൂർ മെമ്പർ ഇവിടെ പറഞ്ഞിട്ടുണ്ട്. ഈ പ്രമേയം ഞാൻ ഏതു ആദർശത്തേയും ഉദ്ദേശത്തേയും മുൻനിർത്തി അവതരിപ്പിച്ചുവോ അതേ ആദർശത്തേയും ഉദ്ദേശത്തേയും മുൻനിർത്തിതന്നെയാണു് ആ പറപ്പൊസഷൻ കാര്യത്തിൽ അനുമോദനം പ്രകടിപ്പിക്കുവാൻ എന്നെ പ്രേരിപ്പിച്ചിട്ടുള്ളതു്. ബഹുമാനപ്പെട്ട മെമ്പക്ക് ഇതിനെ സംബന്ധിച്ചു വേണ്ടപോലെ മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ദിവാൻജിയവർകളുടെ ഇന്നലത്തെ പ്രസ്താവനയെ ഒന്നുകൂടി വായിക്കണമെന്നാണു് ഞാൻ അദ്ദേഹത്തോടു പറയുന്നതു്.

ഇവിടെ പ്രസംഗിച്ച പല മാന്യന്മാരും മൃസിക്ക് തടയുവാൻവേണ്ടിയാണു് ഞൻ ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളതെന്നു പറയുകയുണ്ടായി. മൃസിക്ക് ഒരുവിധത്തിലും തടയണമെന്നു ഞാൻ പറഞ്ഞിട്ടില്ല.

മിസ്റ്റർ കെ. അയ്യപ്പൻ.— വാള്യം മൃസിക്ക് അല്ലേ?

മിസ്റ്റർ എം. വി. ചെറിയാൻ.— മൃസിക്കു തടയണമെന്നു നിങ്ങൾക്കഭിപ്രായമില്ലേ?

മിസ്റ്റർ വി. കെ. കുട്ടി.— അതിനു് ഈ റസല്യൂഷൻ ഒന്നു വായിച്ചു നോക്കിയതിനു ശേഷം വാദിക്കണമെന്നാണു് ഞാൻ പറയുന്നതു്. ഈ പ്രമേയത്തെപ്പറ്റി ഇതിൽ കൂടുതലായി ഒന്നും ഇപ്പോൾ സംസാരിക്കുവാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു് ഈ സഭയുടെ അനുവാദത്തോടുകൂടി ഞാൻ ഇതു പിൻവലിക്കുവാനാണു് വിചാരിക്കുന്നതു്.

Resolution was, by leave, withdrawn.

The House rose for lunch at 1 p. m. and re-assembled at 2-15 p. m. with the Deputy President in the Chair.

19. Enhancement of the grant to the Ernakulam Public Library.

Mr. K. S. Manickam.—"*This Council recommends to the Government to increase the amount of grant given to the Ernakulam Public Library and Reading Room.*"

Mr. President, Sir, the Ernakulam Public Library and Reading Room was started in 1870 when Mr. T. Sankunny Menon

LIBRARY ARCHIVES Kerala Legislative Assembly

was the Diwan of Cochin. The initial expenses for the establishment of the library were contributed by public donations and the Government also contributed rupee to rupee on the donations raised. The Government also made a promise that they will contribute an equal some of the subscriptions collected subject to a maximum of Rs. 50. In the year 1896 the monthly grant of Rs. 50 was converted into an annual grant of Rs. 600. From the year 1896 up to 1922 the history of the public library was nothing but a chronicle of the increase in its activities. Under the stress of space and strain of finance, in the year 1922, the then committee which was managing the Public Library and Reading Room made a representation to Sir T. Vijayaraghavacharya who was the Diwan of Cochin requesting him to grant an additional grant and also to provide them with a better place to house the library. With your permission, Sir, I will read the Government order sanctioning to the committee the requests that they made to the Diwan. The order is dated the 25th of March 1922.

"The Ernakulam Public Library should be the premier institution of its kind in the State; but for long it has been labouring under disadvantages both in the matter of accommodation and equipment. The Committee in charge of the library have not been oblivious to the defects. Their financial resources, however, imposed limitations to their attempts to improve it. The Committee have therefore approached the Government with a view to improve the library and the Government consider that their representations are quite legitimate.

The Government have therefore been pleased to permit the Library to be shifted to the new Town Hall Buildings which are well suited for its accommodation. In the matter of equipment the annual grant of Rs, 600 now paid is *barely sufficient* to keep it going. The Library has to be considerably improved especially in the consulting branch and more maps, dictionaries and encyclopaediae have to be supplied. A Public Library is in the nature of a University "extension" and to a large number of educated people in Ernakulam a well stocked Library will be a source of genuine culture and enlightenment. The Government are therefore pleased to sanction, as the first instalment of a special grant, a sum of Rs. 2000 which will be met from the savings in the Education Budget for the current year.

The Secretary to the Committee will be requested to report how the amount now sanctioned is utilised, and what improvements are effected. On receipt of this information, the payment of a second instalment will be considered".

As per this Government order the Public Library which till then was housed in the old building in the College which was demolished due to the College extension, was shifted to the upstairs of this Town Hall. The first instalment of the special grant of Rs. 2000 was also paid to the Committee. But as misfortune would have it, that was the first and the last special grant allowed. Though representations were made to the Government

LIBRARY ARCHIVES Kerala Legislative Assembly

that they should continue the policy of giving special grants, as was ordered by Sir T. Vijayaraghavacharya, no grant was given to them. The Library now gets only Rs. 600, the amount was sanctioned in the year 1896.

Sir, I need not here repeat the various advantages that may arise out of the existence of a good Public Library like this. I am afraid that I may even be accused of casting a slur on the high intellectual attainment of this enlightened House if I pause to ponder over the various benefits arising out of the existence of a decent library in a city like Ernakulam. These are days, Sir, when catchwords like library movement, rural uplift and village re-construction are on the lips of every person who has any pretension to style himself as a politician or a social reformer. Such being the state of things, I do not consider that I should take up the valuable time of this House by recapitulating the various advantages that arise out of the existence of a library and incidentally the various reasons that should prompt the Government to grant an additional amount to the one that they are now giving. Hence, I strongly recommend this resolution to the acceptance of this House.

Mr. A. Narayana Menon.—I second it.

Dr. A. R. Menon.—What are the grants given to the Ernakulam and Trichur Libraries respectively?

Rao Sahib I. N. Menon.—Trichur at present gets Rs. 400 a year and this gets Rs. 600.

Mr. C. R. Iyyunni.—Was any special grant granted to the Trichur Library during any of these years?

Rao Sahib I. N. Menon.—No.

* **Dr. A. R. Menon.**—Sir, this is a very difficult subject. If we say anything against this, you will say that it is out of jealousy, out of strife. But in a matter like this, that the public fund should be devoted only to one place is rather very objectionable. What I have been noticing is that there is a loud cry that the people of Ernakulam are getting various benefits such as large contributions to the Municipality year by year, fine gardens and wireless. I am also equally entitled to claim that certain amenities should be extended to other places also. It is well-known that while Ernakulam is the political centre of the State and Cochin the commercial centre, Trichur forms the intellectual centre of the State. A differential treatment was

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

meted out some time ago—Rs. 600 to the official capital and Rs. 400 to the real capital of the State. When we entered our protest nothing came out of it. The Municipality has to make good the Rs. 200 which it is even now doing. I am certainly in favour of the Government coming forward and giving grant to libraries, but let it not be to one central place. It is certainly useful to have it in places like Ernakulam. But your interests should not be confined to Ernakulam alone. You should look, Sir, more to the rural parts and rural libraries than to establish a central library here. People of Ernakulam are so well off that they can afford to get books without the help of the Government, whereas in rural areas, the position is the reverse. I would certainly think that the best course for the Government is to have a number of rural libraries all over the State and even travelling libraries, so that the rural areas may get some benefit out of these libraries. But I say let it not be understood that I am opposing this grant. I shall be only too glad. But I want you also to remember your obligations to the other parts of the State. The money that you collect is not from Ernakulam alone. It is collected from all over the country. If you will kindly extend a little consideration to other parts also, there will not be any objection whatsoever in your giving the grant. Personally, I should think that the Government should contribute substantially to all the libraries and it would be one of the activities of the Education Department. Perhaps libraries will do a lot of good in rural areas, even in the case of adult education. They want books and the supply of books will be supplying a real need which is very keenly felt all over the State. Therefore, while I support this resolution I want the Government also to consider the various aspects placed before them and extend them to other parts as well.

മിസ്റ്റർ പോപ്പുറ്റ്ലാൽ ഗോവർധനലാലൻ:— സർ, എറണാകുളത്തേക്ക് ഒരു വായനശാലക്കുവേണ്ടി എത്ര കൂടുതൽ സംഖ്യ കൊടുത്താലും എനിക്കു വിരോധമില്ല. തൃശ്ശിവപേരൂരും എറണാകുളത്തുമുള്ള വായനശാലകൾ നന്നാക്കേണ്ടതാണെന്നു രണ്ടു മെമ്പർമാർ ഇവിടെ പറയുകയുണ്ടായി. എന്നാൽ വാണിജ്യപ്രധാനമായുള്ള ഒരു പട്ടണമാണ് മട്ടാഞ്ചേരി. അവിടേക്ക് ഗവൺമെൻറിന്റെ ദൃഷ്ടിയും അനുഗ്രഹവും ഈ കാര്യത്തിൽ ഇതുവരെയുണ്ടായിട്ടില്ല. അതുകൊണ്ട് എല്ലാ പട്ടണങ്ങളിലും കൊടുക്കുന്നതിൽ കൂടുതലായുള്ള ഉപകരണങ്ങളോടുകൂടി മട്ടാഞ്ചേരിയിലും ഒരു ലൈബ്രറി സ്ഥാപിച്ചുകൊടുക്കുവാൻ പ്രത്യേകം ദയവുണ്ടാകണമെന്നാണ് ഞാൻ പറയുന്നത്. മട്ടാഞ്ചേരിയിൽ ഒരു ലൈബ്രറി സ്ഥാപിച്ചുകൊടുക്കുന്നതായാൽ അതുകൊണ്ട് എത്രമാത്രം ഗുണ

LIBRARY ARCHIVES Kerala Legislative Assembly

മാണ് ജനങ്ങൾക്ക് ഉണ്ടാകുന്നതു് എന്നു പറഞ്ഞറിയിക്കാവുന്നതല്ല. സാമ്പത്തികമായി, ഏറിയ പങ്കും മട്ടാഞ്ചേരിയിൽനിന്നുള്ള വരവുകൊണ്ടാണു് നമ്മുടെ രാജ്യത്തിൽ ക്ഷേമംകാണുന്നതു് എന്നു് ഞാൻ പറയുന്നു. മട്ടാഞ്ചേരിയിൽ വിദ്യാഭ്യാസം തീരെ ഇല്ലെന്നു വിചാരിച്ചാണൊ ബഹുമാനപ്പെട്ട ഗവമ്മെൻറു ഇക്കാര്യത്തിൽ ഉദാസീനരായി ഇരിക്കുന്നതു്? എന്നാൽ വിദ്യാഭ്യാസം അവിടെ തീരെയില്ലെന്നു വിചാരിക്കുന്നുണ്ടെങ്കിൽ അതു് തെറ്റാണ്. പക്ഷെ അവിടെ കൂടുതൽ വിദ്യാഭ്യാസം കാണാത്തതു് വിദ്യാഭ്യാസമേലദ്ധ്യക്ഷന്റെ ദയവില്ലാത്തതുകൊണ്ടാണെന്നാണ് എനിക്കു പറയുവാനുള്ളതു്. വിദ്യാഭ്യാസമേലദ്ധ്യക്ഷൻ സംസ്ഥാനത്തെ വിദ്യാഭ്യാസത്തിനു പരിഷ്കാരവും വർദ്ധനവും വരുത്തുന്നു കൂട്ടത്തിൽ മട്ടാഞ്ചേരിക്കു് ഒരു വായനശാലയും ഗവമ്മെൻറിൽനിന്നും സ്ഥാപിച്ചുകൊടുക്കണമെന്നു് ഈ അവസരത്തിൽ പ്രത്യേകം പറഞ്ഞുകൊള്ളുന്നു.

മിസ്റ്റർ പി. സി. വക്കി— സർ, ഞാനും ഇതിനെ പിന്താങ്ങുന്നു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ എല്ലാ അഭിപ്രായങ്ങളേയും ഞാൻ അനുകൂലിക്കുന്നു. പക്ഷെ ഒരു കാര്യത്തിൽ എനിക്കു അഭ്യേഹത്തോടു യോജിക്കുവാൻ നിവൃത്തിയില്ല. എറണാകുളം പട്ടണത്തിൽ എന്തെങ്കിലും പരിഷ്കാരം വരുത്തുന്നതിനായിട്ടു പണം വ്യയംചെയ്യണമെന്നു പറയുമ്പോൾ മറു പട്ടണങ്ങളിൽനിന്നും, മറു നിയോജകമണ്ഡലങ്ങളിൽനിന്നും വരുന്ന ആളുകൾ കുറച്ചൊരസൂയയോടുകൂടിയാണ് ആ നിർദ്ദേശത്തെ വീക്ഷിക്കുന്നതു്. ഈ സംസ്ഥാനത്തിന്റെ ഔദ്യോഗികമായ തലസ്ഥാനമാണ് എറണാകുളം പട്ടണമെന്നു എല്ലാ മെമ്പർമാരും സമ്മതിക്കും. അവർ എല്ലാവരും എറണാകുളത്തു വരികയും അവിടെയുള്ള പരിഷ്കാര സുഖസൌകര്യങ്ങൾ അനുഭവിക്കുകയും ചെയ്യുന്നുണ്ടു്. എറണാകുളത്തു് എന്തെങ്കിലും പരിഷ്കാരങ്ങളേർപ്പെടുത്തുമ്പോൾ അതിൽ അപ്രീതിയും അസൂയയും തോന്നുന്നതു് ഒട്ടും നന്നല്ല. ഇൻഡ്യയുടെ തലസ്ഥാനമായ ന്യൂഡൽഹിയിൽ ഇൻഡ്യാ ഗവമ്മെൻറു് എത്രമാത്രം പണം ചിലവുചെയ്യുന്നുണ്ടു്? അതുപോലെ ഇൻഡ്യയിലെ മറു പട്ടണങ്ങളിലും ചിലവു ചെയ്യണമെന്നു പറഞ്ഞാൽ അതു് ശോഭിക്കുമോ? ഏതു രാജ്യത്തിന്റെയും തലസ്ഥാനം മറു പട്ടണങ്ങളെ അപേക്ഷിച്ചു പരിഷ്കാരത്തിലും സൌകര്യത്തിലും മേത്തരമായിരിക്കണമെന്നു എല്ലാവരും സമ്മതിക്കുന്നതാണു്. അതു് ഗ്രാമീണരുടെയും മറു പട്ടണവാസികളുടെയും ഗുണത്തിനുവേണ്ടിക്കൂടിയാണ് ചെയ്യുന്നതു്. തലസ്ഥാന നഗരിയിൽ സംസ്ഥാനത്തിലെ എല്ലാ ഭാഗങ്ങളിലുമുള്ള ആളുകൾക്കു വരുവാനും താമസിക്കുവാനും സുഖസൌകര്യങ്ങൾ അനുഭവിക്കുവാനും അവസരമുള്ളതുകൊണ്ടു് ആ പട്ടണത്തെ എത്രയും ഉന്നതമായ നിലയിൽ സംരക്ഷിച്ചുപോരേണ്ടതു് അത്യാവശ്യമാണു്. സംസ്ഥാനത്തിന്റെ അലങ്കാരത്തിനും

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനവാസികളുടെ അഭിമാനത്തിനും അവരുടെ സൌകര്യത്തിനും വേണ്ടിയാണ് ഓരോ രാജ്യക്കാരും ഓരോ ഗവമ്മെൻറും അവിടത്തെ തലസ്ഥാന നഗരിക്ക് പണം ചിലവുചെയ്യുന്നത്. ബഹുമാനപ്പെട്ട മെമ്പർമാർ ഏതുരാജ്യത്തിൻെറയും ഏതു ഗവമ്മെൻറിൻെറയും തലസ്ഥാനത്തെ എടുത്തു പരിശോധിച്ചു നോക്കുന്നതായാലും മറു പട്ടണങ്ങളേക്കാൾ ക്രൂരതൽ പണം അവിടെ ചിലവുചെയ്തിട്ടുള്ളതായി കാണാവുന്നതാണ്. നമ്മുടെ അയൽരാജ്യത്തിൻെറ തലസ്ഥാനമായ തിരുവനന്തപുരം നോക്കുക. അവിടത്തെ ലൈബ്രറിക്കു എത്രമാത്രം പണം ചിലവുചെയ്യുന്നുണ്ട്? പട്ടണത്തിൽ ക്രൂരതൽ വിദ്യാഭ്യാസവും ക്രൂരതൽ ജനസംഖ്യയുമുള്ളതുകൊണ്ട് അവിടെയുള്ള വായനശാലയും വിദ്യാഭ്യാസ സംബന്ധമായ മറു സ്ഥാപനങ്ങളും കുറെക്കൂടി ഉപരിയായ നിലയിൽ നടത്തിക്കൊണ്ടുപോരേണ്ടതു് അത്യാവശ്യമാണ്. എന്തിനു്? എറണാകുളത്തു്, കുറെ നല്ലവെള്ളം കൊണ്ടുവരുവാൻപോലും പണം ആവശ്യപ്പെട്ടപ്പോൾ അതിനെയും ചില ബഹുമാനപ്പെട്ട മെമ്പർമാർ എതിർത്തിട്ടുള്ളതായി ഓർക്കുന്നുണ്ട്. എന്നാൽ എല്ലാ മെമ്പർമാരും ഇവിടെ വരുമ്പോൾ അതിൻെറ ഗുണം അനുഭവിക്കുന്നുമുണ്ട്. ഇവിടെ നല്ലവെള്ളം—ആലുവാ വെള്ളം—കൂഴൽവഴി കൊണ്ടുവന്നിട്ടില്ലായിരുന്നു എങ്കിൽ ഇതിന്നകം എത്ര മെമ്പർമാർ വാതപ്പനിയും മന്ദരോഗവും പിടിച്ചു് സഭാഗൃഹങ്ങളിലേയ്ക്കു മടങ്ങുമായിരുന്നു! ഇതുംകൂടി ആലോചിച്ചാണ് ഗവമ്മെൻറു് ഇവിടെ പണം ചിലവു ചെയ്യുന്നതു്. എറണാകുളം പട്ടണത്തിലെ പ്രതിനിധിയെന്ന നിലയിൽ ഈ കാര്യം ഗവമ്മെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരേണ്ടതു് എൻെറ ചുമതലയാണ്. ഈ പ്രമേയത്തെ എല്ലാവരും അനുകൂലിക്കണമെന്നു ഞാനപേക്ഷിക്കുന്നു.

Mr. Shabdai S. Koder.—I join with the Hon'ble Member for Mattancherri North in demanding a Public Library for Mattancherry. Mattancherry has always been neglected in all matters, and as I remarked the other day, it is the neglected child of the Government. We have none of the amenities of life, we have no male hospital, no veterinary hospital, no public ground, no play ground, and no High School. You are now going to build two Town Halls, one at Trichur and the other at Ernakulam. I do not know, Sir, what meritorious services have been rendered by the people of Trichur and the people of Ernakulam to the State to get a Town Hall each.

Dr. A. R. Menon.—Let us hear your service.

Mr. Shabdai S. Koder.—We at least head the list of income-tax payers to the State. I am not opposing this resolution but I request Government to open a Public Library in Mattancherry also.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. കെ. നായർ— സർ, പഴയന്നൂർ ഒരു ലൈബ്രറി സ്ഥാപിച്ചുകിട്ടണമെന്നാപേക്ഷിക്കുവാനാണ് ഞാനെഴുന്നേറ്റതെന്ന് ആരും തെറ്റിദ്ധരിക്കരുതു്. പഴയന്നൂർ ഒരു ലൈബ്രറി തന്നാലും അവിടെ വായിക്കുവാനാളില്ല. പഴയന്നൂക്ക് ആവശ്യം പ്രാഥമിക വിദ്യാഭ്യാസമാണ്. അതിനെപ്പറ്റി ഇപ്പോൾ പറയേണ്ട സന്ദർഭവുമല്ല. തുഛിവപേരുക്ക് കൊടുക്കണമെന്നോ, കൊടുക്കേണ്ടന്നോ അല്ല ഞാൻ പറയുന്നതു്. എറണാകുളത്തേക്ക് ക്രൂതൽകായ്ങ്ങൾ ചെയ്തുകൊടുക്കണമെന്നാണ് ഞാൻ പറയുന്നതു്. ഈ വിഷയം ഇതിനു മുമ്പും പലേ അവസരത്തിലും ഈ നിയമസഭയിൽ കൊണ്ടുവന്നിട്ടുണ്ട്. അന്നു ഉദ്യോഗസ്ഥസമാജികന്മാർ അന്നും ഇതുപോലെ അവരവരുടെ നിയോജക മണ്ഡലങ്ങളിലേക്ക് ഓരോ ലൈബ്രറി വേണമെന്നു പറഞ്ഞു ഈ കാര്യത്തിൽ ഭിന്നാഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്. ഗവർമ്മെൻറു സാധാരണ പറയാറുള്ള മറുപടിയാണ് ഇതിനും പറയാൻപോകുന്നതെന്നു ബഹുമാനപ്പെട്ട സിക്രട്ടറി അവർകളുടെ തലയാട്ടൽകൊണ്ടു മനസ്സിലാക്കാവുന്നതാണ്. അന്നു ഈ കാര്യത്തിനു ഞങ്ങൾ അനുകൂലികളല്ലായിരുന്നു. അതിനുള്ള കാരണം ഞങ്ങളുടെ അഭിപ്രായത്തിനു വിപരീതമായി **10 - 20** ലക്ഷം രൂപാ ചിലവാക്കി ഒരു കോളേജ് ഇവിടെ സ്ഥാപിച്ചുകഴിഞ്ഞു. പലേ തരത്തിലും എറണാകുളത്തേക്ക് ഞങ്ങൾ കൊടുക്കേണ്ട എന്നുപറഞ്ഞാലും തുഛിവപേരുക്ക് ഒന്നും കിട്ടുകയില്ലെന്നുള്ള ബോദ്ധ്യം വന്നുകഴിഞ്ഞു. ഇവിടെനിന്നു എന്തുതന്നെ കൊണ്ടുപോകാൻ സാധിച്ചാലും ഹാർബറിനെക്കൊണ്ടുപോകാൻ സാധിക്കാത്തതുകൊണ്ട് ഇവിടെ ഏതെല്ലാം പരിഷ്കാരങ്ങൾ വരുത്താമോ അതെല്ലാം വരുത്തേണ്ടതാണ്. ഇതിനു മുമ്പു് ഇങ്ങനെ അല്ലായിരുന്ന ഞങ്ങളുടെ വിചാരം. കൊച്ചി രാജ്യത്തിൻറെ തലസ്ഥാനം ഇനി എറണാകുളമാണെന്നു തീർച്ചയാക്കിക്കഴിഞ്ഞു. അതുകൊണ്ട് എറണാകുളം നന്നാക്കുന്നതിനു ഞങ്ങളാരും വിരോധം പറയുന്നില്ല. കൊച്ചി രാജ്യത്തിൽ **20** ലക്ഷം രൂപാ ചിലവുചെയ്തു ഒരു കോളേജ് പണിയിച്ചിട്ടുള്ള സ്ഥിതിക്കു അതിനു തക്കവണ്ണമുള്ള ഒരു ലൈബ്രറി ഇവിടെ സ്ഥാപിക്കേണ്ടതാണ്. എന്നാൽ അങ്ങിനെയുള്ള ഒരു ലൈബ്രറിക്കുവേണ്ടി ചുരുങ്ങിയ ഒരപേക്ഷയാണ് ചെയ്യുന്നതു്. എൻറെ അഭിപ്രായത്തിൽ ഏതെങ്കിലും ഒരു സംഖ്യ ഈ ലൈബ്രറിക്കുവേണ്ടി കൊടുക്കണമെന്നാണ് പറയുന്നതു്. പക്ഷെ, തലസ്ഥാന നഗരിയെ മാത്രം രക്ഷിച്ചാൽ പോര; മറ്റുള്ള സ്ഥലങ്ങളിലും വല്ലതും ചെയ്യേണ്ടതാണ്. അതെങ്ങിനെയെന്നുവച്ചാൽ തലയ്ക്കുമാത്രം എണ്ണയിട്ടാൽ പോരാ; ദേഹത്തിനും കൈകാലുകൾക്കുകൂടി എണ്ണ പുരട്ടുകയെങ്കിലും വേണം.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ—സർ, എറണാകുളം പബ്ലിക് ലൈബ്രറിക്ക് ക്രൂതൽ സംഖ്യ കൊടുക്കണമെന്ന പ്രമേയം കൊണ്ടുവന്നപ്പോൾ എൻറെ കാര്യം പറയുവാൻ ഞാനാദ്യം വിചാരിച്ചിരുന്നില്ല. എൻറെ

LIBRARY ARCHIVES Kerala Legislative Assembly

മാന്യസ്നേഹിതന്മാർ എനിക്കിതിനു വഴി കാണിച്ചുതന്നതുകൊണ്ട്, അവസരം കിട്ടുമ്പോൾ അവരവരുടെ കാര്യംപറയാത്തവൻ വിഡ്ഢിയാണെന്നു പറയുന്നതുകൊണ്ട് ഞാനെന്റെ കാര്യം പറയുന്നു. ഈ അടുത്തകാലത്തു് വടക്കാഞ്ചേരിയിൽ ഒരു പബ്ളിക് ലൈബ്രറി തന്നിട്ടുണ്ട്. അതിനെപ്പറ്റി വടക്കാഞ്ചേരിയിൽ എന്തൊരഭിപ്രായമാണുള്ളതെന്നു ആരുമറിയാത്തതല്ല. അതൊരു തുലികയുടെ കുറവാണെന്നു പറയുന്നുണ്ട്. ഈ സ്ഥിതിക്കു അവിടത്തെ പബ്ളിക് ലൈബ്രറി വളരെ മുമ്പുതന്നെ നന്നാക്കേണ്ടതായിരുന്നു എന്നു സമ്മതിക്കാതെ തരമില്ല. ഇപ്പോൾ ഗവൺമെൻറിൽനിന്നു അതിനു സ്വല്പം ആനുകൂല്യം സിദ്ധിച്ചിട്ടുണ്ടെങ്കിലും, ഈ പ്രമേയം എറണാകുളത്തെ പബ്ളിക് ലൈബ്രറിക്കു് അധികം പണം കിട്ടണമെന്നു പറയുന്നതുപോലെ അവിടത്തെ ലൈബ്രറിക്കും കുറച്ചുപണം തന്നു ഞങ്ങളെ സഹായിക്കണമെന്നു ഗവൺമെൻറിനോടപേക്ഷിച്ചുകൊള്ളുന്നു. ഇതു് പറഞ്ഞതുകൊണ്ട് എറണാകുളത്തെ പബ്ളിക് ലൈബ്രറിക്കു കൂടുതൽ പണം കൊടുക്കുന്നതിനു ഞാൻ വിരോധിയാണെന്നു ആരും തെറ്റിദ്ധരിക്കരുതു്. എറണാകുളം പബ്ളിക് ലൈബ്രറി എന്റെ മാന്യസ്നേഹിതൻ പറഞ്ഞതുപോലെ എത്രത്തോളം നന്നാക്കണമോ അത്രയും നന്നാക്കുന്നതിൽ എനിക്കു വിരോധമില്ല. തലസ്ഥാന നഗരിയിലുള്ള പബ്ളിക് ലൈബ്രറിക്കു് കഴിയുന്ന സഹായം ചെയ്യേണ്ടതാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— സർ, കൊച്ചി രാജ്യത്തിന്റെ തലസ്ഥാനമായ എറണാകുളത്തു് ഒരു നല്ല ലൈബ്രറിയും വായനശാലയും നടത്തേണ്ടതു് അത്യാവശ്യമാണു്. ഇപ്പോൾ നടന്നുവരുന്ന ലൈബ്രറി ഈ രാജ്യത്തിന്റെ തലസ്ഥാന നഗരിയുടെ സ്ഥിതിക്കനുസരണമായിട്ടില്ലെന്നാണു് പറയുന്നതു്. ഇവിടെ ഒരു ഒന്നാന്തരം ഹാർബർ കിട്ടിയിരിക്കുന്നതുകൊണ്ടു് അതിന്റെ സ്ഥിതിക്കനുസരിച്ചുള്ള പരിഷ്കാരം ഈ പട്ടണത്തിൽ ചെയ്യേണ്ടതാണു്. ഉദ്യോഗസ്ഥ മേധാവികൾ തലസ്ഥാന നഗരിയിലാണു് താമസിക്കുന്നതു്. വലിയ പ്രഭുക്കന്മാരും തലസ്ഥാന നഗരിയിലാണു് താമസിക്കുന്നതു്. അവക്കെല്ലാം സൗകര്യമായ വിധത്തിൽ ഒരു ലൈബ്രറി ഉണ്ടായിരിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. ഉൾനാട്ടിലെ ജനങ്ങൾ മൂന്നു പൈപോലും കൊടുത്തു പത്രംമേടിച്ചു വായിക്കുവാൻ നിവൃത്തിയില്ലാത്തവരാണു്. വില്ലേജുകളിൽ ലൈബ്രറി സ്ഥാപിക്കണമെന്നു സംഗതി ഗവൺമെൻറിനോടു പറയുമ്പോൾ ഫണ്ടില്ലാ വാദംകൊണ്ടു കണ്ണടച്ചു പറഞ്ഞയക്കുകയാണു് ചെയ്യുന്നതു്. ആ ഒരു സംഗതിവച്ചുകൊണ്ടു എറണാകുളത്തു് ലൈബ്രറി ആവശ്യമില്ലെന്നു വാദിക്കാൻ ഞങ്ങൾ വന്നിട്ടില്ല. ഞങ്ങളേതായാലും, ഉൾനാടുകളിൽ താമസിക്കുന്നവർക്കു യാതൊരു സുഖവും സൌകര്യവും കിട്ടിയില്ലെങ്കിലും മറ്റുള്ളവർക്കു സുഖമനുഭവിക്കുവാൻ ഇ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങനെയുള്ള സൌകര്യം അനുഭവിക്കരുതെന്നുള്ള പക്ഷക്കാരനു വിചാരിച്ചുകൊണ്ട് യാതൊന്നും പറയുവാനോ പ്രവൃത്തിക്കുവാനോ വിചാരിക്കുന്നില്ല. ഞങ്ങൾ മഹാമനസ്കന്മാരാണ്. ഞങ്ങൾക്കു റോഡില്ലെങ്കിൽ അതു വേണ്ട; കുടിക്കുവാൻ വെള്ളമില്ലെങ്കിൽ അഴും വേണ്ട. കളിക്കുവാൻ വെള്ളമില്ലെങ്കിൽ അതും വേണ്ട. ഇവിടെ പൈപ്പു വെള്ളമുണ്ട്; എന്നതന്നെയല്ല വേണ്ടതായ എല്ലാ പരിഷ്കാരങ്ങളും വന്നു. പോരെങ്കിൽ വൈദ്യുതീകരണവും വന്നു. ഇവിടം ഒരു ദേവലോകതുല്യമായി കാണുവാൻ ഇടവരുന്നതുകൊണ്ട് ഇനി അതിനുപയുക്തമായതും ബാക്കിവെച്ചിരിക്കുന്നതുമായ ഗംഭീരമായ ഒരു ലൈബ്രറി സ്ഥാപിക്കുന്നതിനു ആവശ്യമായ പണം ഗവൺമെൻറു അനുവദിക്കണമെന്നപേക്ഷിച്ചുകൊണ്ടും ഉൾനാട്ടുകളിൽ കിടന്നു വലയുന്നവരുടെ മുറവിളി വെറും ഫണ്ടില്ലാവാദം പറഞ്ഞും വനരോദനമാക്കിക്കൊണ്ടും തീരെ വിസ്മരിച്ചുകളയരുതെന്നപേക്ഷിച്ചുകൊണ്ടും ഇടക്കിടക്ക് ഉൾനാട്ടുകളിലേക്കും ഒന്നു കണ്ണോടിക്കണേ എന്നപേക്ഷിച്ചുകൊണ്ടും ഞാനിതിനെ പിൻതാങ്ങിക്കൊള്ളുന്നു.

Mr. A. V. Moothedan.—Sir, I do not oppose this motion. I have got every sympathy for this institution which, we are told, has been in existence for the last 66 years, perhaps older than the oldest member of this Council. Still the progress is very slow. The number of members is only 130. One reason, I am told, for this low membership is that the subscription is very high. If the Government are going to give a grant, they must make it a condition to reduce the subscription, so that people of moderate means also may join it. It should not be made the monopoly of the rich people alone. The authorities of the Public Library, may, if desired, have different classes of members according to subscriptions paid. My point is that the Public Library should be made more and more popular.

മിസ്റ്റർ എ. നാരായണമേനോൻ.— സർ, ഇതിനു ഗവൺമെൻറിനു മറുപടി പറയാനുള്ള പായിൻെറല്ലാം എൻെറ ചില മുൻഗാമികൾ പറഞ്ഞുകൊടുത്തു കഴിഞ്ഞു. അവർ പറഞ്ഞ പ്രതികൂലാഭിപ്രായം ഗവൺമെൻറു് അംഗീകരിക്കാതിരിക്കുവാൻ പ്രത്യേകിച്ചു താല്പര്യപ്പെടുവാനായിട്ടാണു് ഞാൻ രണ്ടുവാക്കു് സംസാരിക്കാമെന്നു വിചാരിക്കുന്നതു്. ഗ്രാമീണർക്കു ലൈബ്രറി വേണമെന്നു പള്ളിപ്പുറം മെമ്പർ അവർകൾ പറയുകയുണ്ടായി. അതിലെനിക്കും യോജിപ്പാണ്. എന്നാൽ എഡ്യൂക്കേഷൻ അഡൈ്വസറിക്കമ്മറിയുടെ യോഗത്തിൻെറ ഫലമായി അഞ്ചോ ആറോ ഗ്രാമീണ വായനശാലകൾ ഇയ്യാണ്ടിൽ തന്നെ തുടങ്ങും. ഇതിനു ഒരു പദ്ധതിതന്നെ സ്വീകരിച്ചു കാണുന്നുമുണ്ട്. ഇവിടെ വരുത്തുന്ന പരിഷ്കാരങ്ങളെല്ലാം തുടുവിവേതുരും വരു

LIBRARY ARCHIVES Kerala Legislative Assembly

ത്തണം; അവിടെ ഇല്ലാത്തതു് വേറെ ദിക്കിലേക്കു് പാടില്ല എന്നാണു് ചിലർ പറയുന്നതു്. ഇതൊരു ന്യായമാണെന്നു തോന്നുന്നില്ല. ഇപ്പോൾ ഇവിടെ വന്നിരിക്കുന്ന പ്രമേയം എറണാകുളം ലൈബ്രറിയെ സഹായിക്കേണമോ, വേണ്ടയോ എന്നുള്ളതാണു്. ഇതിനു മറുള്ള ലൈബ്രറിയെപ്പറ്റി ചിന്തിക്കേണ്ടതായിട്ടില്ല. പ്രത്യേകിച്ചു് എറണാകുളത്തു് ഈ രാജ്യത്തെ പല പ്രദേശങ്ങളിൽനിന്നു പലരും വന്നു താമസിക്കുന്ന സ്ഥലമാണു്. അവർക്കു മനഃസംസ്കാരമുണ്ടായാൽ ഫലം രാജ്യമൊട്ടുക്കനുഭവിക്കും. ഒരൊന്നാം ഗ്രേഡ് കോളേജും വളർന്നുവരുന്ന ഹാർബറുമുള്ള ഇവിടത്തെ ലൈബ്രറി ഒരു മാതൃകാ ലൈബ്രറിയാകണം. പിന്നെ മെമ്പേഴ്സിന്റെ വരിസംഖ്യ കുറയ്ക്കണമെന്നു പറഞ്ഞുകേട്ടു. അതൊരു ന്യായമല്ല. ഏതൊരാൾക്കും ആവശ്യമുള്ള ഏതു പുസ്തകവും വരിസംഖ്യക്കു് വിധേയനാവാതെ എടുത്തു വായിക്കുവാനുള്ള സൗകര്യവും ഈ സ്ഥാപനത്തിനുണ്ടു്. അതുകൊണ്ടു ഈ പ്രമേയം ഒരുവിധത്തിലും അന്യായമായിട്ടുള്ളതാണെന്നു പറയാൻ സാധിക്കുന്നതല്ല. ഗവൺമെന്റിനു മറുള്ളവർ പറഞ്ഞുതന്ന തൊട്ടന്യായങ്ങളൊന്നും സ്വീകരിക്കാതെ, കൊച്ചി രാജ്യത്തിന്റെ തലസ്ഥാന നഗരിയിലുള്ള സ്ഥാപനം മറു നഗരങ്ങളിലുള്ളതിനേക്കാളും മേത്തരമായിട്ടു നടന്നുപോകുന്നതിനു് തീർച്ചയായും നിവൃത്തിയുള്ളിടത്തോളമെല്ലാം സഹായിക്കണമെന്നു ഗവൺമെന്റിനോടഭ്യർത്ഥിച്ചുകൊണ്ടു ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

മിസ്റ്റർ വി. കെ. കുട്ടി.— സർ, ഞാൻ ഈ പ്രമേയത്തെ ബലമായി അനുകൂലിക്കുന്നു. എനിക്കു ഈ ലൈബ്രറിയെപ്പറ്റി വളരെ ബഹുമാനമാണു് തോന്നുന്നതു്. എന്നാൽ ഗവൺമെന്റു ഇനിയും കൂടുതൽ പണംകൊടുത്തു പ്രോത്സാഹിപ്പിക്കുമെങ്കിൽ അതു വലിയൊരു അനുഗ്രഹമായിരിക്കും. പക്ഷെ ഗവൺമെന്റു കൂടുതൽ സഹായം ഈ സ്ഥാപനത്തിനു ചെയ്യുവാൻ പോകുന്നുണ്ടെങ്കിൽ ഒരു മലയാള സെക്ഷൻക്രട്ടി ഈ ലൈബ്രറിയിൽ ഏർപ്പെട്ടുത്തണമെന്നാണു് ഞാൻ പറയുന്നതു്. എന്തെന്നാൽ ഇപ്പോൾ ഇവിടെ വളരെ കുറച്ചു മലയാള പുസ്തകമേയുള്ളൂ. ഇവിടെയുള്ളവരെല്ലാം വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരാണു്. അതുകൊണ്ടു വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുടെ പ്രോത്സാഹനത്തിനു ഇത്രവളരെ പണം ചിലവുചെയ്യേണ്ട ആവശ്യമില്ല. പക്ഷെ ചിലവുചെയ്യുന്ന പണം എല്ലാവർക്കും ഉപയോഗപ്രദമായി തീരത്തക്കവണ്ണം വേണം പണം അനുവദിക്കുവാൻ.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി.— സർ, ഈ പ്രമേയത്തോടു ഞാനും അനുകൂലിക്കുന്നു. ഈ തരത്തിലുള്ള വിഷയം ആലോചനക്കു എടുക്കുമ്പോൾ അതിനു ഗവൺമെന്റിൽനിന്നു് പണം കൊടുക്കുവാൻ സാധിക്കുമോ എന്നുള്ള സംഗതി വേണ്ടതുപോലെ ചിന്തിക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

പണം ധാരാളം കൈവശമുണ്ടെന്നുവന്നാൽ ഈവക കാര്യങ്ങളെല്ലാം നിഷ്പ്രയാസം സാധിക്കാം. രൂപാ സമൃദ്ധിയായി ഉണ്ടാകയും അതു് ഏതുവിധത്തിലാണു് ചിലവുചെയ്യേണ്ടതു് എന്നുള്ള വിഷയത്തെപ്പറ്റി ആലോചിക്കുകയും ചെയ്യുമ്പോൾ ലൈബ്രറിക്കെന്നല്ല മറേറതു സൽക്കാര്യത്തിന്നും സംഖ്യ നീക്കിവെക്കാവുന്നതാണു്. ഇതിനേക്കാളും പൊതുജനങ്ങൾക്കു കൂടുതൽ ഉപകാരപ്രദമായ പലതും നമുക്കു നിറവേറുവാനുള്ളതുകൊണ്ടു് ഈ വിഷയത്തിന്നു സംഖ്യ നൽകുന്നതു് ശരിയെന്നു തോന്നുന്നില്ല. ലൈബ്രറിക്കു കൊടുക്കുന്ന 1൦൦ രൂപാകൊണ്ടു് കിട്ടാവുന്ന ഗുണത്തേക്കാൾ കൂടുതൽ ഗുണം മറെറാരുവിധത്തിൽ ഈ രൂപാ വ്യയംചെയ്താൽ സിദ്ധിക്കുന്നതാണു്. ഗവൺമെൻറിലേക്കു കിട്ടുന്ന നികുതിയിൽ അധികഭാഗവും നാട്ടുപുറത്തെ സാധുജനങ്ങളിൽ നിന്നാണു്. അങ്ങിനേയുള്ള സാധുജനങ്ങൾ ആഹാരത്തിന്നുപോലും ഇല്ലാതെ വിഷമിക്കുന്ന ഈ അവസരത്തിൽ, അവരുടെ നിസ്സാരമായ കാര്യങ്ങൾക്കു ള്ള അപേക്ഷകൾ വരുമ്പോൾ പണമില്ലാ എന്ന സാധാരണയായി മറുപടി പറയുന്ന ഈ അവസരത്തിൽ—കൊച്ചി ഗവൺമെൻറു വലിയൊരു സംഖ്യ കടംവാങ്ങിച്ചിരിക്കുന്ന ഈ അവസരത്തിൽ—ഇതിന്നു് ഒരു സംഖ്യ നീക്കിവെക്കുകയെന്നുള്ളതു് ഔചിത്യമായി ആലോചിക്കേണ്ടതാണു്. ഈ സ്ഥാപനത്തിൽ പ്രാഥമിക വിദ്യാഭ്യാസമുള്ളവർക്കുകൂടി പലേ പുസ്തകങ്ങൾ വായിക്കുവാനുള്ള സൌകര്യം കൊടുക്കണം. ബഹുമാനപ്പെട്ട മുഹമ്മദീയ മെമ്പർ പറയുന്ന ഇവിടത്തെ മലയാള സെക്ഷൻ വളരെ മോശമായിരിക്കുന്ന എന്നു്. ഇവിടെ ഇംഗ്ലീഷ് പുസ്തകം ധാരാളം വരുത്തിവയ്ക്കുന്നുണ്ടു്. ഒരു ഇംഗ്ലീഷ് പുസ്തകം വാങ്ങിക്കുന്ന പണംകൊണ്ടു് 1൦ മലയാള പുസ്തകങ്ങൾ വാങ്ങിക്കുവാൻ സാധിക്കും. അതുകൊണ്ടു് നിങ്ങൾ ഈ കാര്യത്തിൽ പണം ചിലവുചെയ്യുന്നതു് നല്ലവണ്ണം ചുരുക്കിപ്പിടിച്ചു വേണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

* **Rao Sahib I. N. Menon**—Mr. President, from the speeches I have listened to I am afraid that what I have got to say is likely to fall flat on the largest portion of this Hon'ble House. But I do not think I shall be open to the charge of being a partisan in this matter although I hail from Trichur, because even good reasoning as in the case of the Member for Palluvirutti is likely to be construed as partisan if it comes to localised revenue. The problem of library development, Sir, has to be looked at from two different points of view. An open library is an amenity of life, is a luxury of life for the intelligensia. That is a statement which will not be questioned. A rural library, on the other hand, is a vital factor in the scheme of

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

adult education in the country-side. (Hear, hear). So that there is no justification for harassing one against the other and saying after all, 'let the town have its dues'. My submission is that not only this town but all other towns have received what they deserve and much more while the country-side is languishing in ignorance and the time has come particularly because there is a wholesale awakening to the needs of education, particularly of adult education, when we should pay a little more attention than has hitherto been paid to the problem of rural libraries. Even between towns and towns it may be necessary for a Government or a community to discriminate and well discriminate without injustice. I may submit for the information of this House that about five years ago the authorities or the managing committee or the Secretary of the Reading Room and Library of Trichur submitted a scheme for development. It wanted space very badly and wanted a little more money for the purchase of books. The allotment at that time was Rs. 300 and Government decided provisionally to give it an annual increased grant until its contribution equalled to that of Ernakulam. (Hear, hear). That was a definite promise. Due to subsequent hard times Government found that they could not fulfil the engagement immediately. But I say in all my earnestness that until and unless the prior engagement is fulfilled it is not proper for us to turn round and say 'You have your share' let the others have it'. There is no question of partisanship. Above all, it seems to me that at this particular period in the history of our educational development all schemes for the improvement of urban libraries may and must wait for some time until we have done something towards the extension of rural libraries. The idea originally was, Sir, to give about 25 different villages libraries every year. That will roughly cost us Rs. 2,500 at least. It was found on further scrutiny of our finances that this scheme was a little too ambitious considering that our needs for education had considerably increased. It was then decided that at least 10 libraries should be given to the countryside every year and as an earnest form of this policy Government have provided for 5 this year. And in all probability they will be opened in the course of the next one or two months. We could provide only for five and since no provision existed we had to content ourselves with five. In these circumstances, I am quite sure that without any sort of partisanship or citizenship the Hon'be Member would realise that much as the Government wish that every possible and reasonable aid should be given to the reading room and library of Ernakulam, the community has more obligations to fulfil even in the matter of

LIBRARY ARCHIVES Kerala Legislative Assembly

Library development to the people of the countryside and until that is reasonably satisfied, like every town they must be prepared to wait.

I may be asked if the gist of the whole argument is that we have no money. We will have very little money and that has to be conserved and set aside for the development of the countryside. Until that is done it is not possible consistent with our obligations to give additional grants to institutions which have already enjoyed this grant for the last 60 years.

Mr. K. S. Manickam.—I beg to be excused, Sir, for my inability to imagine the trend of this discussion, because I brought this resolution in an entirely different capacity than being a Member of the Ernakulam constituency. When I tabled this resolution I never thought that my object would be construed as precluding grants being given to other public libraries or against starting public libraries in villages which do not enjoy the amenities of public libraries. My only excuse and argument in bringing this resolution was that this library was started in the year 1870 and the amount that was then given is being now continued, but the rapid strides that the library has taken in its importance warrant an additional grant. During the initial stages when the library was started, the library had only about 299 volumes of books and the membership was very short—if I remember aright, the membership was only between 25 and 30. Now, the membership of this library is nearly 130 and the volume of books now possessed by the library is nearly 7000. A pertinent question may be asked, "Are not the members who enjoy the benefits of this library asked to pay a subscription?" They do pay. But it is found out on actual working that the amount of subscription received from these members is too inadequate to meet the demands of this growing library. Time and again it was also brought to the notice of the Government that the library was functioning to the entire satisfaction of the inspecting authorities. On two occasions, officers deputed by the Hon'ble Member for education inspected the library and passed such a remark "The Library serves a useful purpose and to increase the usefulness and to enable it to go in for new books, a more liberal grant may be given". It was on the strength of these recommendations and on the strength of these favourable reports that I tabled this resolution. In tabling this resolution it was not my idea to prevent Government from giving additional grants to any other library. But the way in which the discussion centred round my resolution makes me think that the Government may turn round and

LIBRARY ARCHIVES Kerala Legislative Assembly

say "Well, look here, Ernakulam cannot have Rs. 600. We will reduce that, because other places are clamouring for libraries". I only wish that you should not deprive us of this Rs. 600, but continue giving this grant. With these words I beg the leave of the House to withdraw my resolution.

Resolution was, by leave, withdrawn.

20. Supply of a Phone to the Ernakulam Income-tax Office.

Mr. Popatlal Goverdhan Lalan.— *"This Council recommends to the Government to provide the Income-tax Officer, Ernakulam, with a 'Phone."*

ഈ പ്രമേയത്തെപ്പറ്റി അധികം വിസ്തരിച്ച് മറ്റുള്ളവരുടെ സമയം വെറുതെ കളയണമെന്നു വിചാരിക്കുന്നില്ല. ടെലിഫോണിന്റെ ആവശ്യം എല്ലാവർക്കും അനുഭവത്തിൽ അറിയാവുന്നതാണ്. എറണാകുളത്തുള്ള ഇൻകം ടാക്സ് ആഫീസ്സിൽ ഒരു ടെലിഫോൺ സ്ഥാപിക്കുന്നതായാൽ മട്ടാഞ്ചേരിയിലുള്ള കച്ചവടക്കാർക്കു നാനാതരത്തിലും വളരെ ഉപകാരമുണ്ടാകുന്നതാണ്. വിശേഷിച്ചും മട്ടാഞ്ചേരിയിൽ നിന്നാണ്, ഇൻകം ടാക്സ് ആപ്പീസ്സിൽ ധാരാളമായി പണം പിരിയുന്നതു്. അതുകൊണ്ടു ബഹുമാനപ്പെട്ട ഗവൺമെൻറു ഈ പ്രമേയം സ്വീകരിക്കണമെന്നു അപേക്ഷ. ഇനി ഗവൺമെൻറിന്റെ അഭിപ്രായം അറിഞ്ഞതിനു ശേഷമെ ഞാൻ കൂടുതലായി ഈ വിഷയത്തെപ്പറ്റി പറയുവാൻ വിചാരിക്കുന്നുള്ളൂ.

Mr. A. Narayana Menon.—I second it.

Mr. A. V. Moothedan.—On a point of information what would be the cost?

Mr. V. K. Aravindaksha Menon.—It would be about Rs. 180.

Mr. K. Achyuta Menon.—I am very glad to say that the Government have accepted it.

മിസ്റ്റർ പോപ്പറുലാൽ ഗോവർദ്ധനലാലൻ.— സർ, ബഹുമാനപ്പെട്ട ഗവൺമെൻറു് എന്റെ ഈ പ്രമേയത്തെ വളരെ സന്തോഷത്തോടുകൂടി സ്വീകരിച്ചതിൽ ഞാൻ ഗവൺമെൻറിനെ അഭിനന്ദിക്കുന്നു.

21. Extension of the period of the Moratorium.

Mr. K. M. Kunhi Moideen.—*"This Council recommends to the Government to extend the period of Moratorium till a*

LIBRARY ARCHIVES Kerala Legislative Assembly